പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7012      13.07.2012 ൽ മറുപടിയ്ക്ക്

## യുവജനങ്ങൾക്ക് ഇൻഫർമേഷൻ സെന്ററും യൂത്ത് ഭവനും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി.ദേവസ്സി | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും യുവജനങ്ങൾക്ക് അറിവ് പകരുന്ന ഇൻഫർമേഷൻ സെന്ററും, വിവിധ പ്രദേശത്തുനിന്നു വരുന്നവർക്കുള്ള താമസസൌകര്യത്തോടുകൂടിയ "യൂത്ത് ഭവനും" ജില്ലകൾ തോറും നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലെന്ന് വ്യക്തമാക്കുമോ; | (എ)& (ബി) വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചും യുവജനങ്ങൾക്ക് അറിവ് പകരുന്നതിനായി ബോർഡ് അംഗീകരിച്ച പദ്ധതിയാണ് ജാലകം. ഈ പദ്ധതി പൂർണ്ണമായും നടപ്പിലായാൽ 14 ജില്ലാ യുവജനകേന്ദ്രങ്ങളും ഇൻഫർമേഷൻ സെന്ററുകളായി പ്രവർത്തിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ബോർഡിന്റെ തൊഴിൽ സംബന്ധമായ നവീകരിച്ച വെബ്സൈറ്റ് (ജാലകം) തയ്യാറാക്കിയിട്ടുണ്ട്. പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ യൂത്ത് ഭവനുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. യൂത്ത് ഭവനുകൾ പ്രസ്തുത ജില്ലകളിൽ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതുൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നുണ്ട്. |
| (സി) ഇതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ